കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചവറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-2 /1937/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -04/11/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചവറ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചവറ ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)എ.ഡി.സി, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-2 /1937/2017തീയതി: 04/11/2017

<u>കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 15-02-2016 മുതൽ 30-09-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-10-2017മുതൽ 31-10-2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അജ്മൽ.എ.എസ് | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സോണിയ. ജെ.സെബാസ്റ്റ്യൻ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുലേഖ.എ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.തങ്കമണിപിള്ള | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | കെ.അനില കുമാർ | 1.4.2016മുതൽ 14.06.2016 വരെ |
| | എം.പി.സുരേഷ്ബാബു (ഇൻചാർജ്ജ്) | 14.06.2016 മുതൽ 02.08.2016വരെ |
| | ഡി.പ്രസന്നൻപിള്ള | 03.08.2016മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഡി.ഇ.ഒ. | ജാക്വലിൻ | 1.4.2016 മുതൽ 22.08.2016 വരെ |
| | പ്രശാന്ത്.ജി.എസ് | 23.08.2016 മുതൽ 31.3.2017 വരെ |
| സി.ഡി.പി.ഒ. | ഷീലാസുരേന്ദ്രൻ | 1.4.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| അസി.എക്സിക്യൂട്ടീവ് എൻജിനീയർ | മാലിനി.വി.കെ | 1.4.2016 മുതൽ 23.05.2016 വരെ |
| | മഞ്ജു.ആർ.വി | 24.05.2016 മുതൽ 13.07.2016 വരെ |
| | ജീന.വി (അഡീഷണൽ ചാർജ്ജ്) | 13.07.2016 മുതൽ 01.09.2016 വരെ |
| | മഞ്ജു.ആർ.വി | 02.09.2016 മുതൽ 01.02.2017 വരെ |
| | ഷൈലജ.ബി | 01.02.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, C.H.C ചവറ | ഡോ.മേഴ്സി വില്യംസ് | 1.4.2016 മുതൽ 17.06.2016 വരെ |
| | ഡോ.അച്ചാമ്മ.എ.എസ് | 17.06.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, C.H.C തെക്കുംഭാഗം | ഡോ.വിനോദ് | 1.4.2016 മുതൽ 31.07.2016 വരെ |
| | ഡോ.ജാസ്മിൻ (ഇൻചാർജ്ജ്) | 1.8.2016 മുതൽ 31.08.2016 വരെ |
| | ഡോ.സരിത | 1.9.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ലസിത | 1.4.2016 മുതൽ 1.08.2016 |

| | | |
|---|---|---|
| T.H.Cനീണ്ടകര | | വരെ |
| | ഡോ.റുബായിദത്ത് | 1.08.2016 മുതൽ 31.3.2017 വരെ |
| അസി.ഡയറക്ടർ, അഗ്രിക്കൾച്ചർ | ജയ.വി | 1.4.2016 മുതൽ 31.3.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ബേബി തോമസ് | 1.4.2016 മുതൽ 29.07.2016 വരെ |
| | റീന തോമസ് | 30.07.2016 മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | നാസർ | 1.4.2016 മുതൽ 31.3.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 | |
| 10 | വാടക വരവിനത്തിലെ അപാകതകൾ | 2-1 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-2 |
| | ഭാഗം 3 | |
| 12 | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-1 |
| 13 | പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി ധനസഹായം - രേഖകൾ ഹാജരാക്കാത്ത വ്യക്തിക്ക് ₹50,000/- രൂപ നൽകിയിരിക്കുന്നു. | 3-2 |
| 14 | ഐ.എ.വൈ,പി.എം.എ.വൈ പദ്ധതികൾ പൂർത്തീകരിക്കാത്തവർ | 3-3 |
| 15 | വൈദ്യുത ചാർജ്ജ് ഒടുക്കു വരുത്തുന്നതിൽ കാലതാമസം- പിഴയിനത്തിൽ നഷ്ടം ഏറുന്നു. | 3-4 |
| 16 | പാലിന് സബ്സിഡി-തുക കൈപ്പറ്റിയ ബ്ലോക്ക് പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |

| | | |
|---|---|---|
| | | |
| 17 | മരുന്ന് ലഭ്യമായില്ല ചെലവു തുക 472310/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 18 | സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-7 |
| 19 | ലേല ഡയറി രേഖ വരുത്തി സൂക്ഷിക്കുന്നില്ല | 3-8 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | സാക്ഷ്യപത്രം | 4-10 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 07-08-2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30-10-2017 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

ന്യൂനതകളുടെ സംഗ്രഹം

1)നിർമ്മൽ പുരസ്കാരമിനത്തിൽ ലഭിച്ച 1768646/-രൂപ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

2)സെക്യൂരിറ്റി ഡെപ്പോസിറ്റ് ,റീറ്റെൻഷൻ ഇനത്തിലുള്ള തുകകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

3)പാർട്ട്ബിൽ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1236111/- രൂപയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

4)സെക്വേർഡ് ലോൺ ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക ശരിയല്ല. 31.3.2017-ലെ യഥാർത്ഥ നീക്കിയിരിപ്പ് 4933290/-രൂപ എന്ന് കാണുന്നു.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 40443538

വരവ് - 79282442

ആകെ -119725980

ചെലവ് -95857499

നീക്കിയിരിപ്പ്- 23868481

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27635464 | 27635464 | 19768745 | 7866719 | 71.53 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11466085 | 11466085 | 8356111 | 3109974 | 72.88 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 53787 | 53787 | 53787 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4090908 | 4090908 | 2002041 | 2088867 | 48.94 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 77 | 43244244 | 62 | 30180684 | - | 15 | 80.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-10-2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

മാന്വൽ രസീതുകൾക്കും സാംഖ്യ രസീതുകൾക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. മാന്വൽ രസീതുകൾ പ്രകാരമുള്ള എല്ലാ വരവുകളും സാംഖ്യയിൽ പ്രിന്റ് ചെയ്ത് നൽകുന്നില്ല. ഫ്രണ്ട് ഓഫീസിൽ കളക്ഷൻ സ്വീകരിക്കുന്ന വേളകളിൽ സാംഖ്യാപ്രകാരമുള്ള രസീതുകൾ നൽകാൻ പ്രിന്ററിന്റെ പ്രവർത്തന തകരാറുമൂലം പലപ്പോഴും സാധിക്കുന്നില്ല. സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായ പ്രകാരമാണ് അക്കൌണ്ടിംഗ് നടത്തുന്നത് എങ്കിൽ തന്നെയും പണം ഒടുക്കുന്ന വ്യക്തിയ്ക്ക് സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.08.2017 | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 | 2008-09 മുതൽ 2012-13 | 28.02.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക വരവിനത്തിലെ അപാകതകൾ

1. 2016-17 വർഷത്തിൽ വാടക വരവിനത്തിൽ 16600/- രൂപ (കാന്റീൻ 660/- + വെജിറ്റബിൾ സ്റ്റാൾ - 10000/- രൂപ) ഈടാക്കിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടു- ത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് 15500/- രൂപ മാത്രമാണ്.

2.ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ്ട്രഷറിയുടെ വാടക ഈടാക്കുന്നില്ല. (മുൻവർഷ റിപ്പോർട്ടുകളിൽ ആയത് സംബന്ധിച്ച് പരാമർശം ഉണ്ട്).

മേൽ അപാകതകളുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.2/16-17/25-10-2017) ക്രമനം.1 ന് സാംഖ്യയിൽ ഹെഡ് ഓഫ് അക്കൗണ്ട് മാറി പോസ്റ്റ് ചെയ്തതിലാകാം തുകയിൽ വ്യത്യാസം വന്നതെന്നും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം കൃത്യമായി അടച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമനം.2 ന് ലാന്റ്വാല്യൂ സർട്ടിഫിക്കറ്റ് തഹസിൽദാരിൽ നിന്നും നാളിതു വരെ ലഭ്യമായില്ലെന്നും വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമായില്ലെന്നും നിലവിൽ പണിപൂർത്തിയായിരിക്കുന്ന പുതിയ മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിലേക്ക് ട്രഷറി മാറ്റാൻ തീരുമാനമായതായി അറിയുന്നുവെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുണ്ട്. പുതിയ മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിലേക്ക് ട്രഷറി മാറ്റുന്നതിനു മുൻപു തന്നെ വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം കുറവായ ബ്ലോക്ക് പഞ്ചായത്തിൽ ഇതിന് പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

## 2-2 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മാന്വൽ രസീതുകൾക്കും സാംഖ്യ രസീതുകൾക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ രസീതുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. (മുൻവർഷ റിപ്പോർട്ടിൽ ആയത് സംബന്ധിച്ച് പരാമർശം ഉണ്ട്). മാന്വൽ രസീതുകൾ പ്രകാരമുള്ള എല്ലാ വരവുകളും സാംഖ്യയിൽ പ്രിന്റ് ചെയ്ത് നൽകിയിട്ടുമില്ല.

<u>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-</u>

രസീത് ബുക്ക് നം.491 ലെ 24 മുതൽ 31 വരെയുള്ള രസീതുകൾ പ്രകാരം 10-06-2016 ൽ 19806/- രൂപയും 32 മുതൽ 42 വരെയുള്ള രസീതുകൾ പ്രകാരം 22-06-2016 ൽ 30408/- രൂപയും വരവ് വന്നത് സാംഖ്യയിൽ വരവ് വന്നിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.12/16-17/ 30-10-2017) ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ സാംഖ്യ രസീതുകളാണ് ഉപയോഗിക്കുന്നതെന്നും രസീതുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പരാമർശ വിധേയമായ 19806/- രൂപയും 30408/- രൂപയും ഫ്രണ്ട് ഓഫീസ് സംവിധാനം തകരാറിലായതിനാൽ ഡേ ബുക്കിലും ക്യാഷ് ബുക്കിലും എൻട്രി വരുത്തിയിട്ടില്ലെന്നും 09-10-2017 ലെ എൻട്രികളായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.</u>

പദ്ധതി നം: 06/16

ബിൽ നം: 05/17 (20- 3-17)

തുക :₹2,40,630/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

<u>പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ -</u>

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു :-

1)സ്കൂൾലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സൈക്കിൾ നൽകിയിരിക്കുന്നു:

സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം സൈക്കിൾ നൽകേണ്ടത്.ഈ പദ്ധതിയിൽ ഒമ്പത് സ്കൂളുകളിൽ നിന്നാണ് ലിസ്റ്റ് നൽകിയിട്ടുളത്.ഗവ VHSS കൊറ്റങ്കുളങ്ങര, SVPMHS വടക്കുംതല, HSS ഗുഹാനന്ദപുരം, ഗവ ബോയ്സ് HSS ചവറ, സെൻറ് ആന്റണീസ് HS കോയിവിള, GASHSS പുത്തൻതുറ, GHS ഗേൾസ് ചവറ, SVPHSS പന്മന മനയിൽ, GHSS അയ്യൻ കോയിക്കൽ എന്നീ സ്കൂളുകളിലെ പ്രഥമ അധ്യാപകർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെടാത്ത സുജിത്ത്.കെ.എസ്, കാവ്യാമാധവൻ, രേവതി, അഖിൽ ബാബു, ശരത് എസ് എന്നിവർക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയവർ പത്താം ക്ലാസ്സിൽ ആണെന്നതിനോ ഏത് സ്കൂളിലെ വിദ്യാർത്ഥി ആണന്നതിനൊ

തെളിവുകളില്ല. കൂടാതെ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ഇവർക്ക് മുൻപ് ലഭിച്ചിട്ടില്ല എന്നതിനും രേഖകളില്ല.

പെൺകുട്ടികളുടെ സൈക്കിൾ വില ₹4085/- ഉം, ആൺകുട്ടികളുടെ സൈക്കിൾ വില ₹ 3790/-ഉം ആകുന്നു. ഇപ്രകാരം അനർഹർക്ക് സൈക്കിൾ നൽകിയത് മൂലം 19,540 /- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 30-10-17ൽ നൽകിയ എൻക്വയറി നം. 07 ന് മറുപടി നൽകിയിട്ടില്ല.

അനധികൃതമായി ചെലവഴിച്ച തുക ഉത്തരവാദിയായ SCDOയിൽ നിന്നും ഈടാക്കേണ്ടതാണ്.

2)പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണം സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന പദ്ധതി മാർഗ്ഗ നിർദ്ദേശം ലംഘിച്ചുകൊണ്ട് 61 സൈക്കിളുകൾ എസ്.സി.ഡി.ഒ നേരിട്ട് വിതരണം ചെയ്തതായി കാണിക്കുന്ന കൈപ്പറ്റ് രജിസ്റ്റർ ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇതിന്റെ ആധികാരികതയിൽ സംശയം ഉള്ളതിനാൽ ₹2,21,090രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സൈക്കിളുകൾ വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്നതിന് ഗവൺമെന്റ് മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 <u>പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി ധനസഹായം - രേഖകൾ ഹാജരാക്കാത്ത വ്യക്തിക്ക് ₹50,000/- രൂപ നൽകിയിരിക്കുന്നു.</u>

പ്രോജക്ട് നം: 28/16

ബിൽ നം: 4/16-1718-03-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

ബിൽ തുക:-₹2,00,000/-

പദ്ധതി പ്രകാരം പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും, വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറക്ക് ₹ 50,000 രൂപ ധനസഹായം നൽകുന്നു. ഇപ്രകാരം ധനസഹായം കൈപ്പറ്റിയ ശ്രീ.ജോസ് പ്രകാശ്.ബി തൊഴിൽ വിസയും, വിമാന ടിക്കറ്റും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാതിരുന്ന ടി ഗുണഭോക്താവിന് 50000/- രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 28-10-17 ൽ നൽകിയ എൻക്വയറി നം: 06 ന് എംപ്ലോയ്മെന്റ് വിസ ഹാജരാക്കിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ അങ്ങനൊരു രേഖ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ ₹50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ എസ്.സി.ഡി.ഒ യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 <u>ഐ.എ.വൈ,പി.എം.എ.വൈ പദ്ധതികൾ പൂർത്തീകരിക്കാത്തവർ</u>

2004-05വർഷം മുതൽ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരംധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേരും വിലാസവും | ഗ്രാമ പഞ്ചായത്ത് | വിഭാഗം | പണി ആരംഭിച്ച വർഷം | വക യിരുത്തിയ തുക | കൈ പ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | ശ്രീജ,പെരുമ്പുഴ വടക്കതിൽ, താന്നിമൂട് | ചവറ | പട്ടികജാതി | 2012-13 | 200000 | 40000 |
| 2 | സവിത, ശിവശൈലം, പാലക്കടവ് | ചവറ | പട്ടിക ജാതി | 2013-14 | 200000 | 100000 |
| 3 | പ്രമീള.സി, യദുകുലം | ചവറ | പട്ടികജാതി | 2014-15 | 300000 | 92000 |
| 4 | ശാന്തമ്മ, അമ്പാല കിഴക്കതിൽ, കൊറ്റംകുളങ്ങര | ചവറ | പട്ടികജാതി | 2015-16 | 300000 | 17500 |
| 5 | ശ്യാമള കുണ്ടത്തിൽ കിഴക്കതിൽ. | ചവറ | പട്ടികജാതി | 2015-16 | 300000 | 97500 |
| 6 | സുമീഷ, പുതുക്കളയിൽ, ഭരണിക്കാവ് | ചവറ | പട്ടികജാതി | 2015-16 | 300000 | 109500 |
| 7 | ശ്രീജ മഹേന്ദ്രൻ, അഞ്ജുഭവനം, പുത്തൻതുറ. | നീണ്ടകര | പട്ടികജാതി | 2012-13 | 200000 | 40000 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ബിയാ്രിസ്, മംഗലത്ത് വീട്, നീണ്ടകര. | നീണ്ടകര | ജനറൽ | 2014-15 | 200000 | 92000 |
| 9 | ഷീജ സുരഷ്, കാവിന്റെ പടീറ്റതിൽ, മേക്കാട്. | പന്മന | പട്ടികജാതി | 2014-15 | 300000 | 40000 |
| 10 | കമലമ്മ, കൈപ്പള്ളിൽ തെക്കതിൽ, ആക്കൽ. | പന്മന | പട്ടികജാതി | 2014-15 | 300000 | 92000 |
| 11 | ജറോദ, മുല്ലശ്ശേരിൽ, കളരി. | പന്മന | ജനറൽ | 2014-15 | 200000 | 92000 |
| 12 | കുമാരി, ഓരേഴത്ത് വീട്. | പന്മന | ജനറൽ | 2012-13 | 200000 | 40000 |
| 13 | രാജിക, കല്ലുവിളയിൽ, പുത്തൻസങ്കേതം | തേവല ക്കര | പട്ടികജാതി | 2012-13 | 200000 | 83250 |
| 14 | ഷീജ സുരേഷ്, സുരേഷ് ഭവനം, മുകുന്ദപുരം. | ചവറ | പട്ടികജാതി | 2009-10 | 100000 | 60750 |
| 15 | സുശീല, കല്ലുപള്ളി വടക്കതിൽ, നടേപടീറ്റതിൽ | പന്മന | ജനറൽ | 2010-11 | 75000 | 30000 |

| | | | | | | |
|---|---|---|---|---|---|---|
| 16 | രാജി രാജ്ജു, പേക്കാത്തറ തെക്കതിൽ, വട്ടത്തറ. | ചവറ | പട്ടികജാതി | 2009-10 | 100000 | 30000 |
| 17 | സലീന നിസ്സാർ ,ഞാറക്കാട്ട് വടക്കതിൽ, ചെറുശ്ശേരി ഭാഗം. | ചവറ | ജനറൽ | 2009-10 | 75000 | 35000 |
| 18 | രാജിയമ്മ രാധാകൃഷ്ണപിള്ള, നെടുംതോട്ടിൽ പടിഞ്ഞാറ്റതിൽ, മടപ്പള്ളി. | ചവറ | ജനറൽ | 2009-10 | 75000 | 30000 |
| 19 | ഗീത, നമ്പ്രത്ത് തറ, മടപ്പള്ളി. | ചവറ | പട്ടികജാതി | 2008-09 | 75000 | 71500 |
| 20 | മായ, ചാവടി പടിഞ്ഞാറ്റതിൽ, കൊറ്റംകുളങ്ങര. | ചവറ | പട്ടികജാതി | 2010-11 | 100000 | 30000 |
| 21 | മോഹനൻ, ബ്ളാവത്ത് കിഴക്കതിൽ, പാലക്കടവ്. | ചവറ | പട്ടികജാതി | 2010-11 | 100000 | 57875 |
| 22 | തങ്കമ്മ, പാറത്തട്ടയിൽ, കുളങ്ങറ ഭാഗം | ചവറ | ജനറൽ | 2010-11 | 75000 | 30000 |

| | | | | | | |
|---|---|---|---|---|---|---|
| 23 | ഭാരതി,<br>ആനന്ദമൂലയിൽ,<br>പുത്തൻതുറ. | നീണ്ടകര | ജനറൽ | 2009-10 | 75000 | 30000 |
| 24 | ശാരദ,<br>ചെപ്പള്ളി<br>തെക്കതിൽ,<br>ചോല. | പന്മന | പട്ടികജാതി | 2015-16 | 300000 | 91500 |
| 25 | സന്ധ്യ<br>തുണ്ടയ്യത്ത്കോട്ട,<br>പടിഞ്ഞാറ്റക്കര. | തേവ<br>ലക്കര | പട്ടികജാതി | 2014-15 | 300000 | 92000 |
| 26 | ആശ ഉത്തമൻ,<br>വേളൂരയ്യത്ത്<br>വടക്കതിൽ,<br>വടക്കുംതല മേക്ക്. | പന്മന | പട്ടികജാതി | 2015-16 | 300000 | 91500 |
| 27 | പ്രസന്ന,<br>അശ്വതി ഭവനം,<br>നടുവത്ത് ചേരി,<br>മനയിൽ പി.ഒ | പന്മന | ജനറൽ | 2010-11 | 75000 | 30000 |
| 28 | ഫാത്തിമാ ബീവി,<br>ജാസ്മിൻമൻസിൽ,<br>വട്ടതല, | പന്മന | ജനറൽ | 2010-11 | 75000 | 30000 |
| 29 | ഷീബരഘു,<br>പുത്തൻപുര<br>കിഴക്കതിൽ,<br>പനയന്നാർക്കാവ്,<br>വടക്കുംതല | പന്മന | ജനറൽ | 2010-11 | 75000 | 25000 |
| 30 | ജോൺസൻ,<br>ഫിലിപ്പ് ഭവൻ, | തേവ<br>ലക്കര | ജനറൽ | 2014-15 | 300000 | 92000 |

| | | | | | | |
|---|---|---|---|---|---|---|
| | അരിനല്ലൂർ. | | | | | |
| 31 | സ്റ്റെല്ല, കല്ലുംപുറത്ത് കിഴക്കേയിറക്കം, വയലിൽ മാലിഭാഗം | തെക്കും ഭാഗം | ജനറൽ | 2004-05 | 27500 | 25000 |
| 32 | വനജ, രഞ്ജിത്ത് ഭവനം, വെറ്റമുക്ക് | പന്മന | പട്ടികജാതി | 2010-11 | 100000 | 57875 |
| 33 | ആനന്ദവല്ലി, കരിമ്പിൻതറ, | തേവ ലക്കര | ജനറൽ | 2015-16 | 200000 | 189500 |
| 34 | രാധാമണി, കണ്ണങ്കര കാട്ടിൽ പുത്തൻ വീട്, കിഴക്കതിൽ, പാലയ്ക്കൽ | തേവ ലക്കര | പട്ടികജാതി | 2009-10 | 100000 | 35000 |
| 35 | ജാനമ്മ, കണ്ണങ്കര കാട്ടിൽ പുത്തൻ വീട്, കിഴക്കതിൽ, പാലയ്ക്കൽ | തേവ ലക്കര | പട്ടികജാതി | 2009-10 | 100000 | 30000 |
| 36 | മാധവിക്കുട്ടി, കളീലിൽ കിഴക്കതിൽ, | തേവ ലക്കര | ജനറൽ | 2009-10 | 75000 | 30000 |
| 37 | മറിയംബീവി, വരമ്പേൽ വീട്, നടുവിലക്കര | തേവ ലക്കര | ജനറൽ | 2008-09 | 50000 | 40000 |

| | | | | | | |
|---|---|---|---|---|---|---|
| 38 | രോഹിണി,<br>ഓട്ടുകളത്തിൽ<br>കിഴക്കതിൽ,<br>അരിനല്ലൂർ. | തേവ<br>ലക്കര | പട്ടികജാതി | 2008-09 | 75000 | 50550 |
| 39 | ശ്രീജ രാജേഷ്,<br>തോട്ടത്തിൽ<br>പടിഞ്ഞാറ്റതിൽ,<br>വടക്കും തല, | പന്മന | പട്ടികജാതി | 2010-11 | 100000 | 57875 |
| 40 | രാധ,<br>ലക്ഷം വീട്നം42,<br>അരിനല്ലൂർ | തേവ<br>ലക്കര | പട്ടികജാതി | 2010-11 | 100000 | 83675 |
| 41 | ആശാലത,<br>കരിങ്ങാട്ടിൽ<br>പാലയ്ക്കൽ. | തേവ<br>ലക്കര | പട്ടികജാതി | 2006-07 | 50000 | 45000 |
| 42 | മണിയമ്മ<br>വാസുദേവൻ,<br>പെരിയാന്റയ്യത്ത്<br>മേക്കേത്തറ, | തേവ<br>ലക്കര | പട്ടികജാതി | 2013-14 | 200000 | 100000 |
| 43 | ബിന്ദു,<br>മാമ്പുഴ<br>കിഴക്കതിൽ,<br>കോയിവിള | തേവലക്കര | പട്ടികജാതി | 2013-14 | 200000 | 100000 |
| 44 | മംഗലാക്ഷി,<br>ചക്കാലയിൽ<br>കിഴക്കതിൽ,<br>വടക്കും തല മേക്ക് | പന്മന | പട്ടികജാതി | 2010-11 | 100000 | 57875 |
| 45 | മല്ലിക രാജൻ,<br>പറത്തുർ തെക്കതിൽ, | തേവലക്കര | പട്ടികജാതി | 2015-16 | 300000 | 229500 |

| | | | | | | |
|---|---|---|---|---|---|---|
| | പാലയ്ക്കൽ | | | | | |
| 46 | സരോജിനി,<br>കളത്തിൽ<br>കിഴക്കതിൽ,<br>മുല്ലക്കേരി | പന്മന | പട്ടികജാതി | 2012-13 | 200000 | 40000 |
| 47 | സോമലത,<br>ശ്രീ ഭവനത്ത്,<br>വടക്കുംതല | പന്മന | ജനറൽ | 2014-15 | 200000 | 60000 |
| 48 | അമ്പി,<br>വലിയ വീട്ടിൽ<br>കിഴക്കതിൽ,<br>മുല്ലക്കേരി | പന്മന | പട്ടികജാതി | 2014-15 | 300000 | 60000 |
| 49 | ശാന്ത നാണു,<br>പെരുമാൾത്തറ, | പന്മന | പട്ടികജാതി | 2009-10 | 100000 | 50550 |
| 50 | സുശീല ,<br>അനിലാഭവനം,<br>പയ്യലക്കാവ് | പന്മന | പട്ടികജാതി | 2007-08 | 75000 | 67500 |
| 51 | എലിസബത്ത്,<br>ഫിലിപ്പ് കോട്ടേജ് | നീണ്ടകര | ജനറൽ | 2011-12 | 200000 | 25000 |
| 52 | വിജയമ്മ,<br>ലക്ഷം വീട് നം56<br>മാലി ഭാഗം | തെക്കുംഭാഗം | പട്ടികജാതി | 2015-16 | 300000 | 17500 |
| 53 | അശോകൻ .എൻ,<br>ഇന്ദുഭവനം,<br>നടുവത്ത്ചേരി | തെക്കുംഭാഗം | പട്ടികജാതി | 2015-16 | 300000 | 17500 |
| 54 | മുത്തു ബീവി,<br>കുന്നേൽ തെക്കതിൽ, | ചവറ | ജനറൽ | 2016-17 | 300000 | 176000 |

| | | | | | | |
|---|---|---|---|---|---|---|
| | പയ്യലക്കാവ് | | | | | |
| 55 | സീതാദേവിയമ്മ,<br>കുരുമ്പേലിൽ<br>ക്കാട്ടിൽ | ചവറ | ജനറൽ | 2016-17 | 300000 | 48000 |
| 55 | ശ്രീകല,<br>ഉള്ളേഴത്ത് വീട് | ചവറ | ജനറൽ | 2016-17 | 300000 | 176000 |
| 56 | മനോഹരൻ ,<br>അനന്തു ഭവനം,<br>കൊല്ലക. | പന്മന | ജനറൽ | 2016-17 | 300000 | 144000 |
| 57 | തങ്കമ്മ,<br>സതീഷ് ഭവൻ,<br>പാലയ്ക്കൽ. | തേവ<br>ലക്കര | ജനറൽ | 2016-17 | 300000 | 80000 |
| 58 | തങ്കമണി,<br>കൈപ്പുഴയ്ക്കൽ,<br>മൊട്ടയ്ക്കൽ. | തേവ<br>ലക്കര | ജനറൽ | 2016-17 | 300000 | 196000 |
| 59 | സുധാകുമാരി,<br>ദേവികാഭവനം,<br>നടുവിലക്കര | തേവ<br>ലക്കര | ജനറൽ | 2016-17 | 300000 | 128000 |
| 60 | അംബിക,<br>പാറശ്ശേരി<br>കിഴക്കതിൽ,<br>വടക്കും ഭാഗം | തെക്കും<br>ഭാഗം | ജനറൽ | 2016-17 | 300000 | 176000 |
| 61 | പാറുക്കുട്ടി,<br>കണിച്ചിനാൽ മേക്ക്,<br>നടുവത്ത് ചേരി | തെക്കും<br>ഭാഗം | ജനറൽ | 2016-17 | 300000 | 144000 |
| 62 | അംബിക,<br>കൈപ്പ വിള<br>വടക്കതിൽ, | നീണ്ടകര | ജനറൽ | 2016-17 | 300000 | 148000 |

| | | | | | | |
|---|---|---|---|---|---|---|
| | പരിമണം | | | | | |
| 63 | രാജി, പടിഞ്ഞാറ്റതിൽ, | നീണ്ടകര | ജനറൽ | 2016-17 | 300000 | 209000 |
| 64 | രാധാമണിയമ്മ, അത്തിക്കൽ വീട് | നീണ്ടകര | ജനറൽ | 2016-17 | 300000 | 176000 |
| 65 | സുനി ഇന്ദിര, സൂര്യൻ പറമ്പിൽ, പുത്തൻ തുറ | നീണ്ടകര | ജനറൽ | 2016-17 | 300000 | 48000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ എല്ലാവരും ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 വൈദ്യുത ചാർജ്ജ് ഒടുക്കു വരുത്തുന്നതിൽ കാലതാമസം-പിഴയിനത്തിൽ നഷ്ടം ഏറുന്നു

ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള ചവറ, നീണ്ടകര, തെക്കും ഭാഗം എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ദൈനംദിന ചെലവുകൾ നിർവഹിക്കുന്നതിന് തനത് ഫണ്ട് വകയിരുത്തി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതികളിൽ കറന്റ് ചാർജ്ജ് യഥാസമയം ഒടുക്ക് വരുത്താതിരുന്നതിനാൽ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നം/ നിർവഹണ ഉദ്യോഗസ്ഥൻ | കൺസ്യൂമർ നം | ബിൽനം/ തീയതി | ബിൽ തുക | പിഴ ത്തുക | ചെക്ക്നം/ തീയതി |
|---|---|---|---|---|---|---|
| 1 | 5/17 മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, ചവറ | 1146829007647 | 4682160603562/ 4.6.16 | 62 | 1 | 1195234/ 25.6.16 |
| 2 | " | 1146829007651 | 4682160603566/ 4.6.16 | 521 | 37 | " |
| 3 | " | 1146829007650 | 4682160603565/ 4.6.16 | 106 | 1 | " |
| 4 | " | 1146829007646 | 4682160603561/ | 1369 | 49 | " |

| | | | | | | |
|---|---|---|---|---|---|---|
| | | | 4.6.16 | | | |
| 5 | " | 1146829007658 | 4682160603471 /4.6.16 | 1229 | 48 | " |
| 6 | " | 1146829007657 | 4682160603470/ 4.6.16 | 5027 | 99 | " |
| | | | ആകെ | | 235 | |
| 7 | 30/17 മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, നീണ്ടകര | 1145711000334 | 4571160701046/ 1.7.16 | 42826 | 34934 | 0839056/ 31.3.17 |
| 8 | " | 1145711000335 | 4571160701048/ 1.7.16 | 4992 | 3247 | " |
| 9 | " | 1145711000334 | 4571160705121/ 1.7.16 | 35392 | 2558.86 | " |
| 10 | " | 1145711000335 | 4571160705122/ 3.6.16 | 3964 | 2067 | " |
| 11 | " | 1145711000337 | 4571160704888/ 3.6.16 | 7105 | 3641 | " |
| 12 | " | 1145711000336 | 4571160704885/ 3.6.16 | 3305 | 1721 | " |
| 13 | " | 1145711000335 | 4571160701048/ 3.6.16 | 1735 | 90 | " |
| 14 | " | 1145711000336 | 4571160702991/ 2.4.16 | 4453 | 212 | " |
| 15 | " | 1145711000337 | 4571160702924/ 2.4.16 | 2596 | 316 | " |
| 16 | " | 1145711000334 | 4571160702925/ 2.4.16 | 1968 | 97 | " |
| 17 | " | 1145711000335 | 4571160701224/ 1.12.16 | 7215 | 4877 | " |
| 18 | " | 1145711000334 | 4571160701223/ 1.12.16 | 19698 | 7322 | " |
| | | | ആകെ | | 61083.72 | |
| 19 | 30/17 മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, | 1145726012323 | 4572160101138/ 1.1.16 | 380 | 15 | 0839009/ 27.1.17 |

| | | | | | | |
|---|---|---|---|---|---|---|
| | തെക്കുംഭാഗം | | | | | |
| 20 | | 1145726012323 | 4572160100240/ 1.4.16 | 2626 | 4 | |
| 21 | | 1145726012323 | 45721601012792/ 2.5.16 | 2627 | 5 | |
| 22 | | 1145726012323 | 4572160101177/ 1.7.16 | 3168 | 546 | |
| 23 | | 1145726012323 | 4572160101138/ 1.11.16 | 3011 | 8 | |
| | | | | ആകെ | 578 | |

എച്ച്.എം.സി ഫണ്ടിൽ നിന്നും ഒടുക്കു വരുത്തുന്ന ബിൽ തുകകൾ തനതു ഫണ്ട് ലഭിക്കുമ്പോൾ റീ ക്രൂപ്പ് ചെയ്യുകയാണ് പതിവ്. ബില്ലുകൾ യഥാസമയം ഒടുക്കു വരുത്താതെ ഫൈൻ അടവാക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 പാലിന് സബ്സിഡി-തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട്-പാലിന് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം

പ്രോജക്ട്നം-78/17

അടങ്കൽ-2500000/-

ചെലവ്-2213203/-

ബിൽ നം/തുക-1/16-17;21.11.16;450000/-

2/16-17;14.12.16;450000/-

4/16-17;15.03.17;550000/-

5/16-17;16.03.17;31734/-

6/16-17;25.03.17;31469/-

7/16-17;30.03.17;700000/-

നിർവഹണം-ക്ഷീര വികസന ഓഫീസർ

ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം പന്മന, ചവറ, തേവലക്കര, തെക്കുംഭാഗം, നീണ്ടകര പഞ്ചായത്തുകൾ യഥാക്രമം 450000/-, 450000/-, 700000/-, 550000/-,

63203/-എന്നീ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സംയുക്ത പദ്ധതിയിൽ പങ്കാളികളായ ഗ്രാമ പഞ്ചായത്തുകളുടെ അംഗീകൃത പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യ പത്രം

ഈ സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ വിതരണം ചെയ്ത 2213203/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 മരുന്ന് ലഭ്യമായില്ല ചെലവു തുക 472310/-രൂപ തടസ്സപ്പെടുത്തുന്നു

2016-17സാമ്പത്തിക വർഷം ചവറ, നീണ്ടകര, തെക്കുംഭാഗം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതികളിൽ , മുഴുവൻ തുകകളും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | പ്രോജക്ട് നം | പ്രൊഫോർമാ ഇൻവോയ്സ് നം/തീയതി | ചെലവ് | ബിൽനം /തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|---|
| 1 | ചവറ സി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 4/17 | 832/ 7.12.16 | 250000/- | 1/16-17; 12.01.17 | 227690 | 22310 |
| 2 | നീണ്ടകര സി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 29/17 | 6142/ 7.1.17 | 250000/- | 3/16-17 31.01.17 | 0 | 250000 |
| 3 | തെക്കുംഭാഗം സി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 36/17 | 692/ 23.11.16 | 200000/- | 4/16-17; 20.12.16 | 0 | 200000/- |
| | | | | | | ആകെ | 472310/- |

ലഭിച്ചിട്ടില്ലാത്ത മരുന്നിന്റെ വിലയായ 4,72,310/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

താഴെ സൂചിപ്പിച്ചിരിക്കുന്ന വൗച്ചറുകൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് നൽകിയത് ക്ലോസ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ബിൽ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 80/16-17 | 1195279/ 23.09.2016 | 22607/- |
| 88/16-17 | 1195287/ 07.10.2016 | 23420/- |
| 95/16-17 | 1195294/ 27.10.2016 | 24890/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.11/16-17 / 30-10-2017) മേൽ തുകകൾ അഡീഷണൽ പെർഫോമൻസ് ഗ്യാരന്റിയായി ഫൈനൽ ബില്ലിൽ നിന്നും അസി.എക്സി.എഞ്ചിനീയർ ഈടാക്കി ചെല്ല്ലാൻ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കുവരുത്തിയതാണെന്നും ആയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-8 ലേല ഡയറി രേഖ വരുത്തി സൂക്ഷിക്കുന്നില്ല

ബ്ലോക്ക്പഞ്ചായത്ത് ഓഫീസ് അങ്കണത്തിലെ കെട്ടിടങ്ങൾക്ക് ഭീഷണിയായി നിന്ന വൃക്ഷങ്ങളുടെ ലേലവും പുനർലേലവും 11.04.2016, 21.04.2016, 02.03.2017 തീയതികളിൽ നടത്തിയെങ്കിലും ആയതിന് ലേല ഡയറി സൂക്ഷിച്ചിട്ടില്ല. മേൽ അപാകതയുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.10/16-17/30-10-2017) ലേലത്തിൽ പങ്കെടുക്കാൻ ആരുമില്ലാത്തതിനാൽ ലേല ഡയറി സൂക്ഷിച്ചിട്ടില്ലായെന്നും തുടർ ലേലങ്ങളിൽ ഡയറി രേഖ വരുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ലേല പരസ്യം പത്രത്തിൽ പരസ്യപ്പെടുത്താതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ മാത്രം പരസ്യപ്പെടുത്തിയതും ലേലത്തിൽ ആരും പങ്കെടുക്കാത്തതിന് കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പന്മന | 2016-17 | 1040000 | IAY അധിക | 609875 | 430125 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | ധനസഹായം | | |
| തേവലക്കര ഗ്രാമപഞ്ചായത്ത് | 2016-17 | 1139570 | IAY അധിക ധനസഹായം | 420000 | 719570 |
| നീണ്ടകര ഗ്രാമപഞ്ചായത്ത് | 2016-17 | 60000 | IAY അധിക ധനസഹായം | 60000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1684000 | IAY അധിക ധനസഹായം | 1500000 | 184000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY അധിക ധനസഹായം | 09.07.2013 | 7793000 | 11573562 | 3285947 | 4480250 | 4933290 |

തൻവർഷം അടവാക്കിയ തുകയിൽ 32,85,947/-രൂപ വികസനഫണ്ടിൽ നിന്നുമാണ് അടവാക്കിയത്. ബാക്കി 78,70,000/-രൂപ ഗ്രാമപഞ്ചായത്തുകളുടെ ചെലവഴിക്കാത്ത ഐ.എ.വൈ. വിഹിതം സർക്കാർ നിർദ്ദേശ പ്രകാരം ലോൺ അക്കൗണ്ടിലേക്ക് അടച്ചതാണ്. എന്നാൽ വാർഷികധനകാര്യ പത്രികയിൽ വികസനഫണ്ടിൽ നിന്നുമുള്ള തിരിച്ചടവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79282442 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95857499 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2906603 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(a) | | 19540 | റീന തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 3-2 | | 50000 | റീന തോമസ്, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(b) | 221090 | റീന തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 3-5 | 2213203 | പ്രശാന്ത്.ജി.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | 472310 | 22310/- രൂപ- ഡോ.അച്ചാമ.എ.എസ്, സി.എച്ച്.സി, ചവറ |
| | | 250000/- രൂപ- ഡോ.റിബായിദത്ത്, റ്റി.എച്ച്.സി,നീണ്ടകര |
| | | 200000/- രൂപ-ഡോ.സരിത, സി.എച്ച്.സി, തെക്കുംഭാഗം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീന തോമസ്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ചവറ ബ്ലോക്ക് | ലൗഷോർ, മേലേവിള, ചാത്തന്നൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFQ/DB/1542(8)/14,dt.10.7.14 | |
| 1998-99 | LFQ/DB/1542(7)/14,dt.10.7.14 | |
| 1999-00 | | |
| 2000-01 to 2005-06 | LFQ/DB/1542(6)/14, dt.10.07.14 | |
| 2006-07 | LFQ/DB/1542(5)/14,dt.10.7.14 | |
| 2007-08 | LFQ/DB/1542(4)/14, dt.10.7.14 | |
| 2008-09 | LFQ/DB/1542(3)/14,dt.10.7.14 | |
| 2009-10 | LFQ/DB/1542(2)/14,dt.10.7.14 | |
| 2010-11& 2011-12 | LFQ/DB/1542(1)/14,dt.10.7.14 | |
| 2012-13& 2013-14 | LF Q/DB 2244/14,dtd.28.2.15/13.5.15 | |
| 2014-15 | KSA/KLM/DB/1691/16/08.10.16 | |
| 2015-16 | KSA/KLM/DB/454/17/26.04.17 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** <u>അനുബന്ധം</u>

കെ.എസ്.എ. കെ.എൽ.എം - പി.2-1937/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –04/11/2017

<u>സാക്ഷ്യപത്രം 2016-17</u>

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003 /ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം